# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1084** **4/12/2014-ൽ മറുപടിക്ക്**

## സ്കൂളുകളിൽ വിവിധ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭക്ഷണക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ എൻ.സി.സി, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നീ വിഭാഗങ്ങൾ ഏതു വർഷം മുതലാണ് പ്രവർത്തനം ആരംഭിച്ചത് ; | (എ) സംസ്ഥാനത്തെ സ്കൂളുകളിൽ എൻ.സി.സി - 1956 ലും, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് - 1910 ലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് - 2010 ലും പ്രവർത്തനം ആരംഭിച്ചു. |
| (ബി) പ്രസ്തുത വിഭാഗങ്ങൾക്ക് അവരുടെ പ്രവൃത്തി ദിവസങ്ങളിൽ അനുവദിക്കുന്ന ഭക്ഷണക്രമം (ഭക്ഷണം/ ലഘുഭക്ഷണം) എപ്രകാരമാണ്; | **(ബി)** സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിഭാഗങ്ങൾക്ക് പ്രത്യേക ഭക്ഷണക്രമം ഇല്ല. മറ്റുള്ളവരുടെ ഭക്ഷണക്രമം ചുവടെ ചേർക്കുന്നു:<br>എൻ.സി.സി - പ്രാക്ടീസ് ദിവസങ്ങളിൽ വൈകുന്നേരം പെറോട്ട, ചിക്കൻകറി.<br>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്- ബുധനാഴ്ച വൈകുന്നേരം 50 മിനിട്ട് പരേഡിന് 10 രൂപയുടെ ഭക്ഷണം (ചായ, വട), ശനിയാഴ്ച 4 മണിക്കൂർ പരേഡിന് 35 രൂപയുടെ ഭക്ഷണം (4 ചപ്പാത്തി, മുട്ടക്കറി, ചായ) |
| (സി) ഇതിൽ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിഭാഗത്തിൽപ്പെടുന്ന സ്കൂൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് നൽകുന്ന ഭക്ഷണക്രമം എൻ.സി.സി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വിഭാഗങ്ങൾക്ക് നല്കുന്നത് പ്രകാരമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പ്രസ്ഥാനത്തിലെ കുട്ടികൾക്ക് പ്രത്യേക ഭക്ഷണം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**